പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

2019 ജൂൺ 21, വെള്ളി

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്)

ചോദ്യം : T 3842
ശ്രീ.വി.ഡി.സതീശൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) ഈ വർഷം ജൂൺ ഒന്ന് മുതൽ നടപ്പിലാക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | തെരെഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിലാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജൂൺ ഒന്ന് മുതൽ നടപ്പിലാക്കാതെ വന്നത് .കരാർ ഒപ്പിടുന്നതിനുള്ള നടപടിക്രമങ്ങൾ അതിദ്രുതം പുരോഗമിക്കുന്നു . |
| (ബി) | റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ഇത് സംബന്ധിച്ച് കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഒപ്പുവച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | കരാർ ഒപ്പ വച്ചിട്ടില്ല . |
| (സി) | പ്രസ്തുത പദ്ധതിയിലേക്ക് ആശുപത്രികളെ എംപാനൽ ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്; | ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വററാണ്.ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു . |
| (ഡി) | ഇൻഷ്വറൻസ് പദ്ധതി പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തുക മാത്രമേ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ഈടാക്കുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ? | ഇൻഷ്വററും ആശുപത്രികളും തമ്മിലുള്ള കരാറിൽ പ്രസ്തുത വിഷയം പ്രതിപാദിക്കുന്നതാണ് . |

അക്കൗണ്ട്സ് ഓഫീസർ